പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ . 319 — 25.06.2012-ൽ മറുപടിക്ക്

# മത്സ്യബന്ധന വകുപ്പിലെ പട്രോൾ ബോട്ടുകളും സുരക്ഷാ കിറ്റുകളും

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എം.വി. ശ്രേയാംസ് കുമാർ<br>ഡോ. എൻ. ജയരാജ്<br>ശ്രീ. റോഷി അഗസ്റ്റിൻ<br>" പി.സി. ജോർജ് | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | ഫിഷറീസ് വകുപ്പിന് കീഴിൽ എത്ര പട്രോൾ ബോട്ടുകൾ ഉണ്ട്; ഇതിൽ എത്രയെണ്ണം പ്രവർത്തന സജ്ജമാണ്; | എ) | ഫിഷറീസ് വകുപ്പിന് സ്വന്തമായി 3 പട്രോൾ ബോട്ടുകൾ ഉണ്ട്. ഇതിൽ 2 ബോട്ടുകൾ പ്രവർത്തന സജ്ജമാണ്. |
| (ബി) | മത്സ്യബന്ധനയാന ഉടമകൾക്ക് ഏതെല്ലാം പദ്ധതി പ്രകാരം കടൽ സുരക്ഷാ കിറ്റുകൾ വിതരണം ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) & (സി) | സുനാമി അടിയന്തിര സഹായ പദ്ധതി/സുനാമിപുനരധിവാസ പദ്ധതി/ പ്രധാനമന്ത്രിയുടെദേശീയദുരിതാശ്വാസ നിധി എന്നിവയിൽ ഉൾപ്പെടുത്തി 7262 സുരക്ഷാ കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. റേഡിയോ ബീക്കൺ, ലൈഫ്ബോയ്, റഡാർ റിഫ്ളക്ടർ, ഹിലീയോഗ്രാഫ്, ഫിഷിംഗ് കം എമർജൻസി ഫ്ലാഷ് ലൈറ്റ്, ഫസ്റ്റ് എയ്ഡ് കിറ്റ്, വൈറ്റമിൻ ബിസ്കറ്റ്, കോംപസ്, ജാക്ക് നൈഫ്, കന്നാസ് എന്നീ ഉപകരണങ്ങളാണ് സുരക്ഷാകിറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ റേഡിയോ ബീക്കൺ, ലൈഫ്ബോയ് എന്നിവ ഒഴികെയുള്ള ഉപകരണങ്ങൾവിതരണംചെയ്യുന്നതിനായി 2010 നവംബറിൽ തീരദേശ ജില്ലാ ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്.<br>ലൈഫ്ബോയ് 2011 സെപ്റ്റംബറിലും റേഡിയോ ബീക്കൺ 2012 മാർച്ചിലും വിതരണത്തിനായി തീരദേശ ജില്ലാ ഓഫീസുകളിൽ നൽകിയിട്ടുണ്ട്. |
| (സി) | കടൽ സുരക്ഷാ കിറ്റുകൾ ഏറ്റവും ഒടുവിൽ എന്നാണ് വിതരണം ചെയ്തത് എന്ന് വ്യക്തമാക്കുമോ; | | |
| | | | കൂടാതെ കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ, ആഴക്കടൽ മത്സ്യ ബന്ധനത്തിലേർപ്പെടുന്ന മത്സ്യബന്ധന യാന ഉടമകൾക്ക് AIS (Automatic Identification System), ജി.പി.എസ്, വി.എച്ച്.എഫ്. മറൈൻ റേഡിയോ, എക്കോ സൗണ്ടർ, റേഡിയോ ബീക്കൺ എന്നിവ ഉൾപ്പെടുന്ന സുരക്ഷാകിറ്റുകൾ |

| | | | |
|---|---|---|---|
| | | | കേരള തീരദേശ വികസന കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) | മത്സ്യബന്ധനത്തിനിടെ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെയും യാനങ്ങളെയും രക്ഷപ്പെടുത്തുന്നതിന് മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗത്തിന് അത്യാധുനിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | ആധുനിക സജ്ജീകരണങ്ങളോടെയുള്ള സ്പീഡ്ബോട്ടുകൾ മറൈൻ എൻഫോഴ്സ്മെന്റിന് അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ